# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1052 | 10.08.2017-ൽ മറുപടിയ്ക്ക് |

## മാവേലിക്കര കണ്ടിയൂർ ബൈപ്പാസ് നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ. രാജേഷ് | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) മാവേലിക്കര കണ്ടിയൂർ ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് നിരത്ത് വിഭാഗം നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (എ) മാവേലിക്കര കണ്ടിയൂർ ബൈപ്പാസിന്റെ നിർമ്മാണത്തിന് 2 കോടി രൂപയുടെ ഭരണാനുമതിയും 2.30 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവൃത്തി രണ്ടു തവണ ടെണ്ടർ ചെയ്തുവെങ്കിലും പ്രവൃത്തി ആരും ഏറ്റെടുക്കാത്തതിനാൽ ക്വട്ടേഷൻ സ്വീകരിച്ചു. എന്നാൽ ക്വോട്ട് ചെയ്ത നിരക്ക് കൂടുതലായതിനാൽ ക്വട്ടേഷന് അംഗീകാരം നൽകിയില്ല. പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഏറ്റവും കൂടുതൽ ഗ്രാവൽ ഉപയോഗിച്ചുള്ള നിരത്തൽ പണികൾ ആയിരുന്നു. ഇതിന് എസ്റ്റിമേറ്റിൽ ഉള്ള നിരക്ക് കമ്പോള നിരക്കിനേക്കാൾ വളരെ കുറവായിരുന്നു. മണ്ണിന്റെ നിരക്ക് പുതുക്കി നിശ്ചയിച്ചതിൻ പ്രകാരം റിവൈസ് ചെയ്ത എസ്റ്റിമേറ്റ് പരിശോധിച്ചു വരുന്നു. |
| (ബി) പ്രസ്തുത പ്രവൃത്തി അടിയന്തിരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (ബി) & (സി) പുതുക്കിയ ഭരണാനുമതിയ്ക്കുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്കു മാത്രമേ തുടർ നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. |
| (സി) പുതിയ നിരക്ക് പ്രകാരമുള്ള വിശദമായ എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ടോ ; പ്രസ്തുത എസ്റ്റിമേറ്റ് പ്രകാരം ആവശ്യമായി വരുന്ന തുക എത്രയാണ് ; ഈ തുകയുടെ ഭരണാനുമതി അടിയന്തിരമായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | |

സെക്ഷൻ ഓഫീസർ